പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1247 **15-10-2026-ൽ മറുപടിയ്ക്ക്**

അമരമ്പലം ജി.എൽ.പി.എസ്. നോടനുബന്ധിച്ച് ഹോസ്റ്റൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ അമരമ്പലം ജി.എൽ.പി.എസ്. നോടനുബന്ധിച്ച് സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ) ഫണ്ട് ഉപയോഗിച്ച് ട്രൈബൽ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിച്ചുവെങ്കിലും ഫർണിച്ചറുകളുടെ അഭാവം മൂലം ഹോസ്റ്റൽ പ്രവർത്തനരഹിതമായി പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഉറന്ന് പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

മറുപടി: ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി. എം ജന്മൻ പദ്ധതിയുടെ ഭാഗമായാണ് അമരമ്പലം ഗവ. എൽ.പി.സ്കൂളിൽ ഹോസ്റ്റൽ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ ബാക്കി കേന്ദ്രവിഹിതം ലഭിക്കാത്തതിനാലാണ് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാത്തത്. ഹോസ്റ്റൽ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ ഫർണിച്ചർ ലഭ്യമാക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ